**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** **07-10-2021 - ൽ മറുപടിയ്ക്ക്**

**ബാലരാമപുരം-വിഴിഞ്ഞം റോഡിലുള്ള ഹൗസിംഗ് സമുച്ചയത്തിന്റെ ദുരവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ ബോർഡിന്റെ ബാലരാമപുരം-വിഴിഞ്ഞം റോഡിലുള്ള ഹൗസിംഗ് സമുച്ചയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ദുരവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത ഹൗസിംഗ് സമുച്ചയത്തിൽ മാലിന്യസംസ്കരണം, ഡ്രെയിനേജ് പൊട്ടിയൊലിക്കൽ, കുടിവെള്ളക്ഷാമം എന്നിവ പരിഹരിക്കുന്നതിനും ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | ബാലരാമപുരത്ത് 184 ഫ്ലാറ്റുകൾ ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചതിൽ 130 ഫ്ലാറ്റുകൾ വിവിധ ആളുകൾക്ക് വിൽപ്പന നടത്തിയിട്ടുള്ളതും 54 ഫ്ലാറ്റുകൾ ഇനി വിൽപ്പന നടത്താനുള്ളതുമാണ്. ഫ്ലാറ്റുകൾ വിൽപ്പന നടത്തി കഴിഞ്ഞാൽ സമയാസമയങ്ങളിലുള്ള അറ്റകുറ്റപണികൾ ഫ്ലാറ്റ് ഉടമകൾ/അലോട്ടീസ് അസോസിയേഷനാണ് ചെയ്യേണ്ടത്. അതിൻ പ്രകാരം ചവർ/മാലിന്യ സംസ്കരണം ഫ്ലാറ്റുടമകൾ സ്വന്തമായി നടത്തിവരുന്നു. സമയാസ മയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതും, ഡ്രെയിനേജ് പൈപ്പുകൾ പോകുന്ന ഭൂമിക്കു സമീപം അശാസ്ത്രീയമായ രീതിയിലുള്ള കൃഷി/മരങ്ങൾ നട്ടതുമൂലവും ടി പൈപ്പുകൾ വഴി തുണി/നാപ്കിൻ വേസ്റ്റുകൾ ഇടുന്നതുമൂലവും ഡ്രെയിനേജിന് തകരാർ സംഭവിച്ചിട്ടുണ്ട്. ടി ഫ്ലാറ്റുകളിലേക്ക് വാട്ടർ അതോറിറ്റി വഴി ജല സംവിധാനം ഇല്ലാത്തതിനാൽ ബോർഡ് ഒരു വലിയ കുളം നിർമ്മിച്ചതിലെ ജലമാണ് ഉപയോഗിച്ചുവരുന്നത്. നിലവിൽ ജലക്ഷാമം ഉള്ളതായി അറിവില്ല. എന്നിരുന്നാലും കേരള വാട്ടർ അതോറിറ്റി ബാലരാമപുരം കുടിവെള്ള പദ്ധതി/ വിഴിഞ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ജലവിതരണ സംവിധാനം ടി ഫ്ലാറ്റ് സമുച്ചയത്തിലും എത്തിയാൽ സുലഭമായി ജലം ലഭിക്കുന്നതാണ്. ടി കെട്ടിട സമുച്ചയത്തിലെ ഡ്രെയിനേജ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനും നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ